**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

1.02.2016

All Kerala Press Release
*Ref: 507KCBC/K-6/KPR/DS*

# മദ്യനയം: രാഷ്ട്രീയ നേതാക്കൾ ജാഗ്രത പുലർത്തണം

കൊച്ചി: സംസ്ഥാനത്ത് മദ്യലഭ്യതയിൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് യുഡിഎഫ് സർക്കാർ കൊണ്ടുവന്ന മദ്യനയം തങ്ങൾ അധികാരത്തിൽ വന്നാൽ തിരുത്തുമെന്ന ചില രാഷ്ട്രീയ നേതാക്കളുടെ പ്രസ്താവന ആശങ്കയും നിരാശയുമുണ്ടാക്കുന്നതാണ്. മദ്യനിരോധനമെന്ന സാമൂഹ്യലക്ഷ്യം മുന്നിൽ വച്ചുകൊണ്ടുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുമെന്ന നിലപാട് കേരളത്തിലെ സാധാരണ ജനങ്ങളുടെയല്ല മദ്യവ്യവസായികളുടെ താത്പര്യമാണ് പ്രതിഫലിപ്പിക്കുന്നത്. സർക്കാരിന്റെ നിയന്ത്രണം ആവശ്യമില്ല, വ്യക്തികൾ വർജന പാലിച്ചാൽ മതിയെന്നു പറയുന്നവർ വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന മദ്യമെന്ന സാമൂഹ്യ വിപത്ത് കണ്ടില്ലെന്നു നടിക്കുകയാണ്. അതിശക്തമായ മദ്യലോബി ഒരുക്കുന്ന പ്രലോഭനങ്ങളുടെ കെണിയിൽ വീഴാതിരിക്കാനുള്ള ധാർമ്മികമായ ഔന്നത്യം പുലർത്താൻ രാഷ്ട്രീയ നേതാക്കൾ ജാഗ്രത പുലർത്തണം. സംസ്ഥാനം ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ തയ്യാറെടുക്കുന്ന പശ്ചാത്തലത്തിൽ ഇത് നിർണായകമാണെന്ന് പാലാരിവട്ടം പിഒസിയിൽ ചേർന്ന കെസിബിസി ജാഗ്രതാ സമിതിയുടെ പ്രത്യേക അവലോകന യോഗം വിലയിരുത്തി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യൽ
ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ